DESPATCHED
25/03/22

22/03/22



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2561603, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

**ഹർജി നമ്പർ AP No.125(4)/2020/എസ്.ഐ.സി.**

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.1636/എസ്.ഐ.സി-ജി 2/2020)**

**ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

(തീയതി 22.03.2022)

ശ്രീ. സതീഷ് ചന്ദ്രൻ,
ഐക്കരവീട്,
പുല്ലാട് പി.ഒ,
തിരുവല്ല - 689 548.

അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   വില്ലേജ് ആഫീസർ,
   വില്ലേജ് ആഫീസ്, കോയിപ്രം, പത്തനംതിട്ട.

എതിർകക്ഷികൾ

2. അപ്പീൽ അധികാരി &
   തഹസീൽദാർ,
   താലൂക്ക് ഓഫീസ്,
   തിരുവല്ല, പത്തനംതിട്ട.

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ 29.10.2019 ൽ ഒന്നാം എതിർകക്ഷിക്ക് നൽകിയ വിവരാവകാശ അപേക്ഷയിൽ പുല്ലാട് 1375 നമ്പർ സഹകരണ ബാങ്കിൽ നിന്ന് 2018 ലെ ഓണത്തിന് ദുരിതാശ്വാസ ക്യാമ്പിലേക്ക് നൽകിയ സാധനങ്ങളുടെ ലിസ്റ്റും തുകയും സംബന്ധിച്ച വിവരങ്ങൾ ആവശ്യപ്പെട്ടിട്ട് ലഭിച്ചില്ല എന്നതാണ് പരാതി.

2. ഇതുമായി ബന്ധപ്പെട്ട് കമ്മീഷന്റെ നിർദ്ദേശപ്രകാരം രണ്ടാം എതിർകക്ഷി 29.02.2020 ൽ കമ്മീഷന് റിപ്പോർട്ട് നൽകി. അപ്പീൽ ഹർജിക്കാരന്റെ 29.10.2019 ലെ അപേക്ഷയ്ക്ക് 27.11.2019 ൽ 22/19 നമ്പർ പ്രകാരം മറുപടി നൽകിയിട്ടുള്ളതാണെന്ന് റിപ്പോർട്ടിൽ പറയുന്നു. പിന്നീട് രണ്ടാം എതിർകക്ഷി അപ്പീൽ തീർപ്പാക്കുന്നതിന് 09.01.2020 പകൽ 11 മണിക്ക് നോട്ടീസ് നൽകിയെങ്കിലും അപ്പീൽ ഹർജിക്കാരൻ ഹാജരായില്ലെന്നും, വില്ലേജ് ഓഫീസർ ഹാജരായി മറുപടി നൽകിയ വിവരം റിപ്പോർട്ട് ചെയ്തിട്ടുള്ളതാണെന്നും ടി റിപ്പോർട്ടിൽ പറഞ്ഞു. ടി മറുപടിയുടെ പകർപ്പും ടിയാൻ കമ്മീഷന് ലഭ്യമാക്കിയിട്ടുണ്ട്.

3. ഇതിനുശേഷം കമ്മീഷൻ 21.03.2022 ൽ പത്തനംതിട്ട റസ്റ്റ് ഹൗസിൽ ഹിയറിംഗ് നടത്തി. അപ്പീൽ ഹർജിക്കാരൻ ഹാജരായില്ല. ഒന്നാം എതിർകക്ഷി ഹാജരായി. അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട ബില്ലുകൾ തിരുവല്ല തഹസീൽദാർ മുഖാന്തിരം പത്തനംതിട്ട ജില്ലാ കളക്ടറേറ്റിലേക്ക് നൽകിയതുമൂലം ആയവയുടെ പകർപ്പ് ലഭിക്കുന്നതിന് കളക്ടറേറ്റുമായി ബന്ധപ്പെടേണ്ടതാണെന്ന് കാണിച്ച് മറുപടി നൽകിയിരുന്നതായി ഒന്നാം എതിർകക്ഷി ഹിയറിംഗിൽ പറഞ്ഞു.

4. ഒന്നാം എതിർകക്ഷിയുടെ മൊഴിയും അനുബന്ധ രേഖകളും കമ്മീഷൻ പരിശോധിച്ചു. അപേക്ഷകൻ ആവശ്യപ്പെട്ട ബില്ലുകൾ കളക്ടറേറ്റിലേക്ക് അയച്ചിട്ടുള്ളതാണെന്ന ഒന്നാം എതിർകക്ഷിയുടെ മറുപടിയും, ഹിയറിംഗിലെ വാദവും അവിശ്വസിക്കേണ്ട കാര്യം ഉണ്ടെന്ന് തോന്നുന്നില്ല. എന്നാൽ കളക്ടറേറ്റിലേക്ക് അയച്ച ബില്ലുകളുമായി ബന്ധപ്പെട്ട വിവരങ്ങളാണ് അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് എന്ന് അറിയാവുന്ന ഒന്നാം എതിർകക്ഷി അപേക്ഷ ലഭിച്ച് 5 ദിവസത്തിനകം ആയത് കളക്ടറേറ്റിലേക്ക് വിവരാവകാശ നിയമം 6(3) വകുപ്പ് പ്രകാരം കൈമാറുകയും, ടി വിവരം അപ്പീൽ ഹർജിക്കാരനെ അറിയിക്കുകയുമായിരുന്നു ചെയ്യേണ്ടിയിരുന്നത്. ഇത് ചെയ്യാതിരുന്ന പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ യുടെ ഭാഗത്തു നിന്ന് വീഴ്ച സംഭവിച്ചിട്ടുള്ളതായി കമ്മീഷൻ വിലയിരുത്തുന്നു.

5. ആയതുകൊണ്ട് എന്തുകൊണ്ട് 6(3) വകുപ്പ് പ്രകാരം അപേക്ഷ കൈമാറിയില്ല എന്നതിനുള്ള വിശദീകരണം പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനുള്ളിൽ കമ്മീഷനെ അറിയിക്കേണ്ടതാണ്. മറ്റു നടപടികളൊന്നും ആവശ്യമില്ലെന്ന് കമ്മീഷൻ വിലയിരുത്തുന്നു.

6. മേൽപറഞ്ഞ പ്രകാരം അപ്പീൽ ഹർജിയിൽ ഇന്നേദിവസം 22.03.2022 ന് താൽക്കാലിക ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഒപ്പ്)**

**കെ.വി.സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION KERALA THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

re